# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. ഐ.ഡി.കെ.9-1250/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/11/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. ഐ.ഡി.കെ.9-1250/2022 തീയ്യതി: 30/11/2022

## ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-06-2022 മുതൽ 23-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 23-08-2022 | 27-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-08-2022 | 27-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.കെ. മധുസൂദനൻ നായർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. വിഷ്ണു പി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അബ്ദുൾ അലി കുന്നൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ .കെ.സി.സുരേഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി പി.റ്റി. ഷൈലജ | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ടിന്റുമോൾ ജോസഫ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. റോസ് മേരി മാത്യു | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ഇവിൻ എബ്രാഹം | PHC മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ഗ്രേസി പി | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. റോണ എബ്രാഹം മറ്റം | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. അജീഷ് കുര്യൻ | വി ഇ ഒ | 01-04-2021 | 04-08-2021 |
| ശ്രീ.ജയസൂര്യൻ.എം | വി ഇ ഒ | 05-08-2021 | 31-03-2022 |
| ശ്രീമതി ടിന ജോയി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 11-11-2021 |
| ശ്രീമതി രാധാമണി.കെ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 12-11-2021 | 31-03-2022 |
| ശ്രീമതി കാതറിൻ ജമ്മ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി രാജിമോൾ രാജു | അസി.എൻജിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രമില്ല റ്റി റോസ് | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി മിനിമോൾ കെ.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീ.സാജു.കെ.എസ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | 13-ാം പഞ്ചവത്സര പദ്ധതി നിർവ്വഹണം - അവലോകനം | 1-4-1 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 7 | ക്ഷേമ പെൻഷനുകൾ | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | വാർഷിക കണക്കുകളുടെ അപാകത | 1-9 |
| 11 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതിനാൽ വരുമാന നഷ്ടം ഉണ്ടാകുന്നു | 1-10 |
| 12 | ഇ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല | 1-11 |
| 13 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് ലഭ്യമായില്ല | 1-12 |
| 14 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് ലഭ്യമായില്ല | 1-13 |
| 15 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത് | 1-14 |
| 16 | ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണം ആരംഭിക്കാത്തത് | 1-15 |
| 17 | ആസ്തി സംരക്ഷണം, ആസ്തികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സം - ₹2,10,300/- | 1-16 |
| 18 | സ്ട്രീറ്റ്മെയിൻ പദ്ധതി പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സം - ₹17,46,754/- | 1-17 |
| 19 | കെട്ടിട നിർമ്മാണം - അനുമതി, ക്രമവൽക്കരണം, കംപ്ലീഷൻ - അപാകതകൾ | 1-18 |
| 20 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അനർഹമായ കാലയളവിൽ തുക വിതരണം ചെയ്തു | 1-19 |
| 21 | അഡ്വാൻസ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 1-20 |
| 22 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 1-20-1 |
| 23 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വസൂലാക്കുന്ന റീടെൻഷൻ തുകകൾ തനതു ഫണ്ടിലേക്ക് ക്രമീകരിക്കുന്നില്ല | 1-21 |
| 24 | മോട്ടോർ മാറ്റി സ്ഥാപിക്കൽ - പഴയ മോട്ടോർ ലേലം ചെയ്തില്ല | 1-22 |
| 25 | ഭിന്നശേഷി വിഭാഗക്കാർക്ക് ഉപകരണങ്ങൾ - അപാകതകൾ | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 17.02.2021-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ₹32,50,475/-, വരവ് ₹21,48,50,000/- ചെലവ് ₹21,69,18,490/-, മിച്ചം ₹11,81,985/- ആകുന്നു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 12.07.2022 |

### 1-3 ഗ്രാന്റ് വിനിയോഗം

| | ഇനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 1,95,61,000 | 1,95,61,000 | 1,88,35,921 | - |
| | പട്ടിക ജാതി വിഭാഗം | 0 | 30,10,000 | 30,10,000 | 30,10,000 | - |
| | പട്ടിക വർഗ്ഗ വിഭാഗം | 0 | 19,86,000 | 19,86,000 | 19,79,389 | - |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 0 | 1,49,07,000 | 1,49,07,000 | 1,35,00,050 | - |
| | റോഡിതരം | 0 | 75,21,000 | 75,21,000 | 48,58,507 | - |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഉപാധി | 13,08,700 | 36,42,000 | 49,50,700 | 41,61,541 | 7,89,159 |
| | ഉപാധി രഹിതം | 40,30,179 | 54,63,000 | 94,93,179 | 41,31,584 | 53,61,595 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ്. | 13,06,162 | 9,48,027 | 22,54,189 | 15,74,550 | 6,79,639 |
| | സമ്പൂർണ ശുചിത്വം | 9,47,392 | 3,67,000 | 13,14,392 | 7,59,777 | 5,54,615 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | പകർച്ച വ്യാധി നിയന്ത്രണം | 5,00,000 | 6,237 | 5,06,237 | 1,79,453 | 3,26,784 |
| | ലൈഫ് സംസ്ഥാന വിഹിതം | 41,57,140 | 61,40,000 | 1,02,97,140 | 90,90,000 | 12,07,140 |
| | പട്ടികവർഗ്ഗ വികസനം | 10,66,941 | 0 | 10,66,941 | 0 | 10,66,941 |
| | സാമൂഹ്യനീതി വകുപ്പ് | 14,418 | 0 | 14,418 | 2,418 | 12,000 |
| | ആർദ്രം (PHC അവാർഡ്) | 0 | 2,00,000 | 2,00,000 | 0 | 2,00,000 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക്പഞ്ചായത്ത് | 89,687 | 0 | 89,687 | 0 | 89,687 |
| | ബ്ലോക്ക്പഞ്ചായത്ത് (സ്പെസിഫിക്ക്) | 7,75,540 | 8,49,460 | 16,25,000 | 11,50,000 | 4,75,000 |
| കെ.എസ്. എഫ്.ഇ. | ടെലിവിഷൻ ഗ്രാന്റ് | 10,000 | 0 | 10,000 | 10,000 | 0 |

#### 1-3-1) സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തത്

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ബജറ്റ് വിഹിതം | അംഗൻവാടി ഹോണറേറിയം | ലൈഫ് ലോൺ | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|
| | (₹) | (₹) | (₹) | (₹) |
| വികസനഫണ്ട് (ജനറൽ) | 1,95,61,000 | 13,14,000 | 36,52,000 | 1,45,95,000 |
| വികസനഫണ്ട് (SCP) | 30,10,000 | 0- | 2,93,333 | 27,16,667 |
| വികസനഫണ്ട് (TSP) | 19,86,000 | 0- | 4,69,333 | 15,16,667 |

#### 1-3-2) മെയിന്റനൻസ് ഫണ്ട് നോൺ റോഡ് വിഹിതം ചെലവ് 64.60% മാത്രം

മെയിന്റനൻസ് ഫണ്ട് നോൺ റോഡ് വിഹിതം ഇനത്തിൽ 2021-22 വർഷം 64.60% മാത്രമാണ് ചെലവഴിച്ചത്. 15.07.2021ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം 2021-22 വർഷം അനുവദിച്ച മെയിന്റനൻസ് ഫണ്ടിൽ ചെലവഴിക്കാത്ത

തുകയുടെ 20% വരെ മാത്രമേ അടുത്ത വർഷം ക്യാരി ഓവർ ചെയ്ത് ലഭിക്കുകയുള്ളൂ. തൻവർഷം ലാപ്സായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| അലോട്ട്മെന്റ് | ചെലവ് ₹ | ചെലവ് ശതമാനം | നീക്കിയിരിപ്പ് | അടുത്ത വർഷത്തേക്ക് അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 7521000 | 4858507 | 64.60% | 2662493 | 1504200 | 1158293 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച 1പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 211 | 128396517 | 169 | 64718974 | 42 | 80.09 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 8669417 | 4508344 | 52.00 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 6 | 6 | 2419425 | 2418101 | 99.95 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം | 7 | 7 | 1974550 | 1974550 | 100.00 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 230000 | 210740 | 91.63 |
| വെറ്ററിനറി സർജൻ | 5 | 5 | 840524 | 827631 | 98.47 |
| വി.ഇ.ഒ | 20 | 19 | 61010823 | 15251682 | 25.00 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 9 | 6723910 | 6505951 | 96.76 |
| സെക്രട്ടറി | 35 | 28 | 13064325 | 10893987 | 83.39 |
| അസി. സെക്രട്ടറി | 5 | 5 | 1984073 | 1652788 | 83.30 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1050000 | 650000 | 61.90 |
| അസി. എഞ്ചിനിയർ | 105 | 73 | 28454470 | 19401400 | 68.18 |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 1875000 | 327237 | 17.45 |
| ഹെഡ്മാസ്റ്റർ | 1 | 1 | 100000 | 96563 | 96.56 |
| ആകെ | 211 | 169 | 128396517 | 64718974 | 50.41 |

ആകെ അംഗീകരിച്ച 211 പദ്ധതികളിൽ 80% പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ആകെ തയ്യാറാക്കിയ പദ്ധതി അടങ്കലിൽ 50.41% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. പൊതുമരാമത്ത് മേഖലയിൽ 105 പദ്ധതികളിൽ 69.5% പദ്ധതികൾ മാത്രമേ നടപ്പാക്കാനായിട്ടുള്ളൂ.

### 1-4-1 13-ാം പഞ്ചവത്സര പദ്ധതി നിർവ്വഹണം - അവലോകനം

സംസ്ഥാന സർക്കാർ മുന്നോട്ടുവെച്ച കേരള മോഡൽ വികസന പദ്ധതി ലോകശ്രദ്ധ തന്നെ ആകർഷിക്കുകയും അതിനെ പിൻപറ്റി രൂപീകരിച്ച നവകേരളം കർമ്മ പദ്ധതി നാനാതുറയിലുള്ള വികസന മേഖലകളെ സ്പർശിക്കുകയും ചെയ്തിട്ടുള്ളതാണ്. കൃഷി, മാലിന്യ സംസ്കരണം, ജലവിതരണം എന്നിവയുമായി ബന്ധപ്പെട്ട ഹരിത കേരളം, ആരോഗ്യമേഖലയുടെ പോഷണത്തിനായുള്ള ആർദ്രം, പാർപ്പിടം -സാമ്പത്തിക സ്വയം പര്യാപ്തത എന്നിവ ലക്ഷ്യമാക്കിയുള്ള ലൈഫ്, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, കോവിഡാനന്തരം ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് രൂപീകരിച്ച സുഭിക്ഷ കേരളം എന്നീ മിഷനുകളുടെ വിന്യാസം വികസന രംഗത്ത് മികച്ച പ്രതികരണമാണ് സൃഷ്ടിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ വലിയൊരു പങ്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ജനപങ്കാളിത്തം ഉറപ്പ് വരുത്തിയാണ് സർക്കാർ വിഭാവനം ചെയ്തത്. ഇതിനായി സമഗ്രമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖകൾ പരിഷ്കരിച്ചിരുന്നു.

ആദ്യവർഷ കാലയളവിലെ പദ്ധതികൾ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 29.03.2017-ലെ ജി.ഒ (എം.എസ്.) 72/2017, 03.04.2017-ലെ ജി.ഒ.(എം.എസ്.) 80/2017 എന്നിവ പ്രകാരവും രണ്ടാം വാർഷിക പദ്ധതി മുതലുള്ളവ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ.(എം.എസ്.) നം. 11/2018 തീ. 29.01.2018, ജി.ഒ(എം.എസ്.) നം. 22/2018 തീ. 14.02.2018 എന്നിവ അവലംബമാക്കിയുമാണ് ആസൂത്രണം ചെയ്തത്. പ്രാദേശിക സർക്കാർ എന്ന നിലയിൽ പ്രസ്തുത മാർഗരേഖ അവലംബമാക്കി അനേകം വികസന വിജയങ്ങൾ കരസ്ഥമാക്കാൻ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. എങ്കിലും പലവിധ കാരണങ്ങളാൽ വിവിധ മേഖലകളിൽ സർക്കാർ ലക്ഷ്യമിട്ട രീതിയിൽ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ കഴിഞ്ഞിട്ടില്ല.

ജനസംഖ്യയിലെ ബഹുഭൂരിപക്ഷവും കർഷകരും കർഷക തൊഴിലാളികളുമാണെങ്കിലും കാർഷിക മേഖലയുടെ സർവ്വതോന്മുഖമായ വികസനം സാർത്ഥമാക്കുന്ന സമഗ്രമായ ഒരു വികസന പരിപ്രേക്ഷ്യം തയ്യാറാക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ലായെന്നത് വസ്തുതയാണ്. നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. കാർഷിക മേഖലകളുടെ സ്ഥായിയായ പുരോഗതിക്കുതകുന്ന നൂതനവും മാതൃകാപരവുമായ ഒരു പ്രോജക്ട് പോലും ആവിഷ്കരിക്കാൻ കഴിയാതിരുന്നത് പ്രോജക്ട് നടത്തിപ്പിലെ പരാജയമായി ഓഡിറ്റ് വിലയിരുത്തുന്നു.

വികസന മേഖലയിലെ പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചുവടെ ക്രോഡീകരിക്കുന്നു.

1. കൃഷിയും അനുബന്ധ മേഖലകളും

| | |
|---|---|
| ആകെ കർഷകർ | 4250 |
| കർഷക തൊഴിലാളികൾ | 1300 |
| സ്വന്തമായി ഭൂമിയുള്ളവർ | 4250 |
| പാട്ട കൃഷി | 105 |
| കൃഷിക്ക് അനുയോജ്യമായ ഭൂവിസ്തൃതി | 6098 ഹെക്ടർ |
| കൃഷി ചെയ്യുന്നത് | 4098 ഹെക്ടർ |

ജല ദൗർലഭ്യം, വിളകളുടെ വിലസ്ഥിരതയില്ലായ്മ, മണ്ണൊലിപ്പ്, പ്രകൃതി ക്ഷോഭം, ഭാരിച്ച ഉത്പാദനച്ചെലവ്

തുടങ്ങിയവയാണ് കാർഷിക രംഗത്തെ പ്രധാന വെല്ലുവിളികൾ. കൃഷിയ്ക്കനുയോജ്യമായ 2000 ഹെക്ടർ ഭൂമി ഇനിയും യോഗ്യമാക്കേണ്ടതുമുണ്ട്. ഈ വികസന പ്രതിസന്ധി മുന്നിൽക്കണ്ടുള്ള പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ജൈവവള വിതരണം, വിത്തുകളുടെയും തൈകളുടെയും വിതരണം, പമ്പ് സെറ്റ് വിതരണം തുടങ്ങിയ പ്രോജക്ടുകളാണ് അഞ്ച് വർഷവും നടപ്പാക്കിയത്. ഇതിലൂടെ താത്ക്കാലികമായും വ്യക്തി അധിഷ്ഠിതമായും ചില നേട്ടങ്ങൾ ലഭിച്ചിരിക്കാമെങ്കിലും ആത്യന്തിക ലക്ഷ്യമായ കൃഷി വികസനം സാധ്യമായിട്ടില്ലായെന്ന് കാണാവുന്നതാണ്. തൈകളുടെ വിതരണം പോലും കാലാവസ്ഥയ്ക്ക് അനുയോജ്യമായല്ല നടന്നിട്ടുള്ളത്.

2. മൃഗസംരക്ഷണവും ക്ഷീരവികസനവും

കൃഷി പരിപോഷണത്തിനായുള്ള ജൈവവള ലഭ്യത മുൻനിർത്തി അനേകം കർഷകർ കാലിവളർത്തലും ഏറ്റെടുത്തു വരുന്നു. കിടാരി, ആട്, കോഴികൾ എന്നിവയുടെ വിതരണം മാത്രമാണ് ഇക്കാലയളവിൽ ഏറ്റെടുത്ത പ്രധാന പ്രോജക്ടുകൾ. മൃഗസമ്പത്ത് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഉപോത്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മത്സ്യകൃഷിയുടെ ഭാഗമായി നൽകിയ സബ്സിഡികൾ ഈ മേഖലയ്ക്ക് പ്രത്യേക ഉണർവ് നൽകാൻ പര്യാപ്തമായിട്ടുണ്ട്.

3. പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പടെ)

ചെറിയ വ്യവസായ സംരംഭങ്ങളിലൂടെ ജനങ്ങളുടെ സാമ്പത്തിക അഭിവൃദ്ധി സാധ്യമാക്കുന്ന പ്രോജക്ടുകളൊന്നും തന്നെ ഈ പഞ്ചവത്സര പദ്ധതി കാലയളവിൽ ഏറ്റെടുത്തിട്ടില്ല.

4. ആരോഗ്യം

ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ മികച്ചതും കാര്യക്ഷമവുമാണ്. പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കാനും കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. ചികിത്സയുമായി ബന്ധപ്പെട്ട വിവരങ്ങളുടെയും സേവനങ്ങളുടെയും കമ്പ്യൂട്ടർവത്ക്കരണവും പുരോഗമിക്കുന്നു. കോവിഡ് കാലയളവിലെ പ്രവർത്തനങ്ങൾ രോഗവ്യാപനം ഫലപ്രദമായി പ്രതിരോധിക്കുന്നതിന് പര്യാപ്തമായി. വിവിധ വിഭാഗങ്ങളിലെ ഡിസ്പെൻസറികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും രൂപീകരിച്ച പ്രോജക്ടുകൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്.

5. ദാരിദ്ര്യ ലഘൂകരണം (പാർപ്പിടമുൾപ്പെടെ)

ദാരിദ്ര്യ ലഘൂകരണം സാധ്യമാക്കുന്ന പ്രോജക്ടുകളൊന്നും ഇക്കാലയളവിൽ ആസൂത്രണം ചെയ്തിട്ടില്ല. ഭവന നിർമാണ മേഖലയിൽ ലൈഫ് പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രോജക്ടുകളിലൂടെ അനേകം ഗുണഭോക്താക്കൾക്ക് അവരുടെ മുടങ്ങിക്കിടന്ന ഭവനനിർമാണം പുനരാരംഭിക്കുവാനും ഭവന നവീകരണം നടത്തുവാനും അവസരമൊരുങ്ങി. രണ്ടാം ഘട്ടത്തിൽ കരാർ വെച്ച 267 ഗുണഭോക്താക്കളിൽ 239 പേർ വീടുപണി പൂർത്തീകരിച്ചു. 3-ാം ഘട്ടത്തിലെ 37 ഗുണഭോക്താക്കളിൽ 13 പേർ മാത്രമാണ് ഇതിനോടകം പ്രവൃത്തി പൂർത്തീകരിച്ചത്. വിവിധ ഘട്ടങ്ങളിൽ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഇപ്പോഴും പ്രവൃത്തി പൂർത്തീകരിക്കുവാൻ ശേഷിക്കുന്നുവെന്നത് മോണിട്ടറിംഗ് സമിതി പ്രത്യേകം വിലയിരുത്തേണ്ടതാണ്.

6. സാമൂഹ്യക്ഷേമം

സേവന മേഖലയിൽ വൃദ്ധർക്ക് കട്ടിൽ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ, ഭിന്നശേഷിക്കാർക്ക് പെട്ടിക്കട, വയോജനങ്ങൾക്ക് മരുന്ന്, പാലിയേറ്റിവ് കെയർ തുടങ്ങിയ പ്രോജക്ടുകളാണ് പദ്ധതി കാലയളവിൽ നടപ്പാക്കിയത്. അഗതിരഹിത കേരളം പോലുള്ള ബൃഹത് പദ്ധതികൾ യഥാർത്ഥത്തിൽ ലഭിക്കാൻ സാധ്യതയില്ലാത്ത കോടിക്കണക്കിന് രൂപ വകയിരുത്തി ആവിഷ്കരിച്ചിട്ടുള്ളതിനാൽ അനന്തമായി നീളുകയാണ് (നിലവിലെ പ്രോജക്ട് അടങ്കൽ ഏതാണ്ട് രണ്ട് കോടി രൂപ). ഓരോ വർഷവും കേവലം 3 ലക്ഷം രൂപ മാത്രമാണ് ഗ്രാമപഞ്ചായത്ത് 03 വർഷ കാലാവധിയുള്ള ഈ പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി വകയിരുത്തുന്നതെന്ന വസ്തുത ഇതിന്റെ ഭൗതിക ലക്ഷ്യപ്രാപ്തിയെ എങ്ങനെ ബാധിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

7. വിദ്യാഭ്യാസം, സംസ്കാരം, കല, കായികവികസനം, യുവജനക്ഷേമം

രണ്ട് വിദ്യാലയങ്ങളാണ് ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടുള്ളത്. അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന പ്രവൃത്തികളാണ് പ്രധാനമായും ഈ പഞ്ചവത്സര കാലയളവിൽ വിദ്യാഭ്യാസ മേഖലയിൽ നടന്നിട്ടുള്ള പ്രവൃത്തികൾ. ഇത് കൂടാതെ പട്ടികജാതി-പട്ടിക വർഗ വിഭാഗത്തിലെ പഠിതാക്കൾക്ക് സ്കോളർഷിപ്പ്, ലാപ്ടോപ്പ് എന്നിവ അനുവദിക്കുന്ന പ്രോജക്ടുകളും നടപ്പാക്കി. എന്നാൽ കായികക്ഷമതാ വർദ്ധനവ്, നിർഭയ പദ്ധതി, ഗോത്രസാരഥി പോലുള്ള പ്രോജക്ടുകൾക്ക് സാധ്യതയുണ്ടായിരുന്നുവെങ്കിലും ഏറ്റെടുത്തിട്ടില്ല.

8. പട്ടികജാതി-പട്ടികവർഗ വികസനം

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ ജനസംഖ്യ ചുവടെ ചേർക്കുന്നു.

| ഇനം | പട്ടിക ജാതി | പട്ടിക വർഗ്ഗം |
|---|---|---|
| ആകെ കുടുംബങ്ങൾ | 312 | 287 |
| പുരുഷൻമാർ | 678 | 1364 |
| സ്ത്രീകൾ | 645 | 1211 |
| ആകെ | 1323 | 2575 |

പ്രസ്തുത വിഭാഗത്തിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്, ലാപ്ടോപ്പ് നൽകൽ എന്നിവയും വീട് വാസയോഗ്യമാക്കൽ, ഏതാനും കോളനികളിലെ കുടിവെള്ളപദ്ധതികൾ, വൃദ്ധർക്ക് കട്ടിൽ തുടങ്ങിയവയാണ് ഈ മേഖലയിൽ ആവിഷ്കരിച്ച പ്രധാന പ്രോജക്ടുകൾ. എന്നാൽ ഇവരുടെ സ്ഥായിയായ സാമ്പത്തിക ഉന്നമനം സാധ്യമാക്കുന്ന പ്രോജക്ടുകളൊന്നും ഇപ്പോഴും നടപ്പാക്കാൻ കഴിയാത്തത് ആസൂത്രണ പ്രക്രിയയിലെ വലിയ പോരായ്മയായി നിലനിൽക്കുന്നു.

9. കുടിവെള്ളം, ശുചിത്വം മുതലായവ

സമീപ ഗ്രാമപഞ്ചായത്തുകളെ പോലെതന്നെ ജലദൗർലഭ്യം ജനജീവിതത്തെ സാരമായി ബാധിക്കുന്ന ഒരു പ്രദേശമാണ് കാഞ്ചിയാർ. മുൻകാലങ്ങളിൽ കുളങ്ങൾ, കിണറുകൾ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള വലിയ മുതൽ മുടക്ക് വേണ്ടി വരുന്ന കുടിവെള്ള പ്രോജക്ടുകളാണ് ഏറ്റെടുത്തിരുന്നത്. ജലനിരപ്പ് അനുദിനം താഴുന്നതിനാൽ വേനലിലെ ജലക്ഷാമത്തിന് ഇവ പലപ്പോഴും പര്യാപ്തമായിരുന്നില്ല. ഈ പഞ്ചവത്സര പദ്ധതി കാലയളവിൽ കുഴൽക്കിണർ അടിസ്ഥാനപ്പെടുത്തിയുള്ള താരതമ്യേന കുറഞ്ഞ അടങ്കലിൽ പൂർത്തീകരിക്കാവുന്ന പ്രോജക്ടുകളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇത്തരത്തിൽ ₹70,81,784/- ചെലവഴിച്ച് 26 പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞത് മികച്ച നേട്ടമായി ഓഡിറ്റ് വിലയിരുത്തുന്നു.

10. പൊതുമരാമത്ത്

ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളിൽ ഏറെ പ്രാധാന്യം നൽകുന്നത് ഈ മേഖലയ്ക്കാണ്. ഈ പഞ്ചവത്സര പദ്ധതി കാലയളവിൽ ആർജ്ജിച്ച ആസ്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|
| കെട്ടിടങ്ങൾ | 27 | 10865733 |
| ടാർ/റീടാർ റോഡുകൾ | 80 | 22946320 |
| റോഡ് കോൺക്രീറ്റിംഗ് | 124 | 30141672 |
| കലുങ്ക്/പാലങ്ങൾ | 09 | 3883664 |
| കുടിവെള്ള പദ്ധതികൾ | 26 | 7081784 |
| അംഗൻവാടികൾ | 04 | 994554 |

11. ജെൻഡറും വികസനവും കുട്ടികളുടെ വികസനവും

വനിതാ ഘടക പദ്ധതിക്കായി 10 ശതമാനം തുക മാറ്റിവെച്ച് ജൻഡർ ബജറ്റ് എന്ന നിബന്ധന മറികടക്കുന്നുവെങ്കിലും അവ സ്ത്രീ ശാക്തീകരണത്തിനും അവരുടെ സാമ്പത്തിക സുസ്ഥിരതയ്ക്കും എപ്രകാരം പ്രയോജനപ്പെടുന്നുവെന്ന് ഇനിയും വിലയിരുത്തേണ്ടതുണ്ട്. ജാഗ്രതാ സമിതി-ബാലസഭാ പ്രവർത്തനങ്ങൾ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, അംഗൻവാടികളിലൂടെയുള്ള പോഷകാഹാര വിതരണം, തുടങ്ങിയവ മാത്രമാണ് പ്രധാനമായും ഏറ്റെടുത്തിട്ടുള്ളത്.

12. ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം മുതലായവ

ജൈവ വൈവിധ്യത്താൽ അനുഗ്രഹീതവും പ്രധാനപ്പെട്ട രണ്ടു വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഉള്ളതുമായ പ്രദേശമാണ് കാഞ്ചിയാർ. അയ്യപ്പൻകോവിൽ തൂക്കുപാലം, അഞ്ചുരുളി ജലാശയം, തുരങ്കം എന്നിവ സ്വദേശികളും വിദേശികളുമായ അനേകം സഞ്ചാരികളെയും ചലച്ചിത്ര പ്രവർത്തകരെയും ഏറെ ആകർഷിക്കുന്നവയാണ്. എന്നാൽ ഈ മേഖലകൾ ഉത്തരവാദിത്ത വിനോദസഞ്ചാര നയമനുസരിച്ച് ചൂഷണം ചെയ്ത് വരുമാന വർദ്ധനവ് സാധ്യമാക്കുന്ന പ്രോജക്ടുകളൊന്നും ഇക്കാലയളവിൽ വാർഷിക പദ്ധതിയുടെ ഭാഗമായില്ല. ഈ രണ്ട് പ്രദേശത്തും ഓരോ ശുചിത്വ സമുച്ചയം നിർമ്മിച്ചതാണ് ഇതിനൊരു അപവാദം.

13. പൊതു ഭരണവും ധനകാര്യവും

ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ച ഘടക സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

| ഘടക സ്ഥാപനം | എണ്ണം |
|---|---|
| അസി. എൻജിനീയറുടെ കാര്യാലയം | 01 |
| വിഇഒ.-യുടെ കാര്യാലയം | 01 |
| കുടുംബാരോഗ്യകേന്ദ്രം | 01 |
| സ്കൂളുകൾ | 02 |
| അംഗൻവാടികൾ | 30 |

| | |
|---|---|
| ആയുർവ്വേദ ഡിസ്പെൻസറികൾ | 02 |
| ഹോമിയോ ഡിസ്പെൻസറി | 01 |
| വെറ്ററിനറി ഡിസ്പെൻസറി | 01 |

ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ഓഫീസ് കമ്പ്യൂട്ടർവത്ക്കരണം, വിവിധ വാർഡുകളിലെ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ, തെരുവ് വിളക്ക് സ്ഥാപിക്കൽ, ഘടക സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ തുടങ്ങിയ പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്.

ചില മേഖലകളിൽ ഏതാനും നേട്ടങ്ങൾക്കപ്പുറം വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ 25 സംവത്സരങ്ങൾ പൂർത്തിയാവുമ്പോഴും സർക്കാർ മാർഗ്ഗരേഖകളിൽ വിവക്ഷിക്കുന്ന സമഗ്ര വികസനം സാധ്യമാക്കുവാൻ പര്യാപ്തമായ രീതിയിൽ വാർഷിക/പഞ്ചവത്സര പദ്ധതികൾ രൂപീകരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയാത്തത് വലിയ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്ടുകളുടെ അനിവാര്യത, പ്രായോഗികത, നിയമസാധുത, കാര്യക്ഷമത എന്നിവ ഉറപ്പ് വരുത്തി വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുവാനും ധനവിനിയോഗം കാര്യക്ഷമവും സമയബന്ധിതവും സുതാര്യവുമായി ഏകോപിപ്പിക്കുവാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ നിർവ്വഹണം | 476207 | 2029330 | 2505537 | 2504744 | 793 |
| തൊഴിലാളികളുടെ കൂലി (നേരിട്ട് നൽകുന്നത്) | 0 | 42066108 | 42066108 | 42066108 | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2058400 | 134 |
| വിധവാ പെൻഷൻ | 13205900 | 836 |
| വാർദ്ധക്യകാല പെൻഷൻ | 37970400 | 2537 |
| വികലാംഗ പെൻഷൻ | 4677000 | 297 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 324800 | 20 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |
| തൊഴിലില്ലായ്മ വേതനം | 240 | 1 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4,121/-(നാലായിരത്തി ഒരുനൂറ്റി ഇരുപത്തി ഒന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു. ഗ്രാമപഞ്ചായത്ത് ILGMS സോഫ്റ്റ് വെയറിലൂടെ ഭരണനിർവഹണം ആരംഭിച്ചത് 21.09.2020-ലാണ്. സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ്, പഞ്ചായത്ത് കമ്മിറ്റി മിനിട്സ് എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നുണ്ട്. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ട്. പഞ്ചായത്ത് ആർജിക്കുന്ന ആസ്തികളുടെ വിവരങ്ങൾ സംബന്ധിക്കുന്ന വിവരശേഖരണം പൂർത്തിയായിട്ടില്ല. കൂടാതെ, അഡ്വാൻസ് നൽകുന്ന തുകകളുടെ ക്രമീകരണം യഥാസമയം നടത്തുകയും ചെയ്യുന്നില്ല.

1-9 വാർഷിക കണക്കുകളുടെ അപാകത

1) പഞ്ചായത്തിലെ ആസ്തി സംബന്ധിക്കുന്ന വിവര ശേഖരണം പൂർത്തിയാകാത്തതിനാൽ ആസ്തികൾ സംബന്ധിച്ച കണക്കുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ആസ്തി വിവരങ്ങൾ കൃത്യമാകാത്തതിനാൽ ഡിപ്രീസിയേഷൻ കണക്കുകളും കൃത്യമല്ല.

3) വസ്തു നികുതി കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

4) ILGMS പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ഉദാഹരണത്തിന് NREGA തൊഴിലാളികൾക്ക് നൽകുന്ന കൂലി ചെലവ് കണക്കിൽ യഥാർത്ഥത്തിൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ ഇല്ലെങ്കിലും ട്രയൽ ബാലൻസിലെ NREGA മുന്നിരിപ്പ് ₹6,09,27,237/- നീക്കിയിരിപ്പ് ₹10,46,52,281/- (A/c Head 160100628) എന്ന് കാണിക്കുന്നു. A/c Head 320100101 തുടങ്ങി പല ഹെഡുകളിലും ഡെബിറ്റിലും ക്രെഡിറ്റിലും മുന്നിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

5) വികസന ഫണ്ട് (ജനറൽ) അലോട്ട്മെന്റ് പ്രകാരമുള്ള വരവ് തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുത്തേണ്ടതാണ്.

6) അഡ്വാൻസ് നൽകിയ ₹3,870/- വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ് (ഖണ്ഡിക 1-20(1) ക്രമ നം. 1 കാണുക).

1-10 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതിനാൽ വരുമാന നഷ്ടം ഉണ്ടാകുന്നു

ശ്രീ. എം. എസ്. സെബാസ്റ്റ്യന്റെ ഉടമസ്ഥതയിൽ 14/24C, 14/24D (പ്ലിന്ത്ഏരിയ – 64.65 $M^2$ + 40 $M^2$ = 104.645 $M^2$) എന്നീ നമ്പരുകളിലുള്ള കെട്ടിടങ്ങളിൽ ' വടക്കൻസ് ക്രിസ്റ്റൽ കിച്ചൺ ' എന്ന പേരിൽ ഹോട്ടൽ നടത്തുന്നതിനായി 2021-22 വർഷം ലൈസൻസ് നൽകിയിട്ടുണ്ട്. അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് " വാണിജ്യാവശ്യത്തിനുള്ള 100$M^2$ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ/ഷോപ്പുകൾ " എന്ന ഗണത്തിലാണ് നമ്പർ അനുവദിച്ച് നൽകിയിരിക്കുന്നത് എന്നുകാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപ ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുവെങ്കിൽ മാത്രമേ വ്യത്യസ്ത കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ എന്നും ഒരു വ്യക്തിയുടെ ഉടമസ്ഥതയിൽ ഒരേ ആവശ്യ ഗണത്തിൽപ്പെടുന്ന കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203 (2എ), (9) എന്നിവ പ്രകാരവും 100$M^2$ന് മുകളിൽ വിസ്തീർണ്ണമുള്ള പ്രസ്തുത ഹോട്ടലിന് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്ത അടിസ്ഥാന വസ്തു നികുതി നിരക്കായ ₹60/-യ്ക്ക് പകരം ₹40/- നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് (14.01.2011ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 ഉത്തരവ് പ്രകാരം പഞ്ചായത്തിൽ വിജ്ഞാപനം ചെയ്ത അടിസ്ഥാന വസ്തു നികുതി നിരക്കുകൾ വാണിജ്യാവശ്യത്തിനുള്ള 100$M^2$ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ₹40/-യും വാണിജ്യാവശ്യത്തിനുള്ള 100$M^2$ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ₹60/-യുമാണ്).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/25.08.2022) " ആവശ്യമായ ഭേദഗതി വരുത്തി അപാകത പരിഹരിക്കാം " എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി അറിയിക്കേണ്ടതാണ്.

## 1-11 ഇ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ 2017-18 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ (അതിന് മുമ്പ് മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിന് ഇ-ടെൻഡർ നടപടി ക്രമങ്ങൾ അനുവർത്തിച്ചിരുന്നില്ല). ഒടുക്കിയ തുകകൾ തിരികെ ലഭിക്കുന്നതിന് 05.07.2022-ലെ AE/LID&EW/KNCR/05.07.2022 നമ്പർ കത്ത് മുഖേന ശുപാർശ സമർപ്പിച്ചതിനെ തുടർന്ന് എക്സി. എൻജിനീയർ തുക കട്ടപ്പന ഡിവിഷൻ എക്സി. എൻജിനീയർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന് നാളിതുവരെ അത് അനുവദിച്ച് കിട്ടിയിട്ടില്ല. തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | കൈമാറിയ തുക (₹) |
|---|---:|
| ഫോം വില | 234516 |
| നിരതദ്രവ്യം | 21300 |
| ആകെ | 255816 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-12 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് ലഭ്യമായില്ല

പ്രോജക്ട് നം. -എസ്.070/22

അടങ്കൽ തുക – ₹2,00,000/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രസ്തുത പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹2,00,000/- കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) 31.10.2021ൽ 21100852009800588729 നമ്പർ ബിൽ പ്രകാരം കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-13 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് ലഭ്യമായില്ല

2021-22 വർഷത്തിൽ ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങലിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നം./പേര് | 165/22<br>(കാഞ്ചിയാർ ഗവൺമെന്റ് ആശുപത്രിയിലേക്ക്<br>മരുന്ന് വാങ്ങൽ) |
| അടങ്കൽ തുക | ₹3,50,000/-<br>മെയിന്റനൻസ് (റോഡിതരം) |
| കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ<br>ലിമിറ്റഡിൽ ഒടുക്കിയ തുക/ബിൽ നമ്പർ | ₹3,50,000/-<br>(83/19.10.2021) |
| ലഭ്യമായ മരുന്നിന്റെ വിവരം -<br>ഇൻവോയ്സ് നം./തുക | 1. 90232167/12.11.2021 – ₹1,16,806/-<br>2. 90234754/29.11.2021 – ₹26,063/-<br>3. 90239586/31.12.2021 – ₹1,10,767/-<br>4. 90248078/26.02.2022 – ₹73,433/-<br>ആകെ - ₹3,27,099/- |
| ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില | ₹22,931/- |

മേൽ പ്രോജക്ടിലൂടെ 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കാനാണ് ആയുർവ്വേദ മെഡിക്കൽ ഓഫീസറും ഔഷധി മാനേജരുമായി കരാറിലേർപ്പെട്ടിരിക്കുന്നതെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-14 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത്

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്കായി ലഭിച്ച തുകകളിൽ താഴെപറയുന്ന ഇനങ്ങളിലെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രിക/എ.സി.ആർ എന്നിവ പ്രകാരം കാണുന്നു. ആയത് യഥാവിധി ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

| ക്രമ നം. | ഇനം | അക്കൗണ്ട് ഹെഡ് | B4 പ്രകാരമുള്ള തുക ₹ |
|---|---|---|---|
| 1 | പകർച്ചവ്യാധി നിയന്ത്രണം | 320100195 | 326784 |
| 2 | കോർപ്പസ് ഫണ്ട് - എസ്.റ്റി. ഡിപ്പാർട്ട്മെന്റ് | 320200214 | 1066941 |
| 3 | PHC അവാർഡ് | 320200399 | 200000 |
| 4 | എസ്.റ്റി. – സ്റ്റഡി റൂം | 320700404 | 450000 |

1-15 ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണം ആരംഭിക്കാത്തത്

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി ശാന്തമ്മ സുധാകരൻ, പളിയക്കുടി, കാഞ്ചിയാർ എന്നയാൾ ആദ്യ ഗഡുവായ ₹40,000/- ചെക്ക് നം.724928/05.02.2020 പ്രകാരം കൈപ്പറ്റിയിട്ടുണ്ട്. ഈ ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിക്കാതിരുന്നതിനാൽ വി.ഇ.ഒ. 28.12.2020-ൽ VEO-2/2020 നമ്പർ കത്ത് നൽകിയതായി ഫയലിലുണ്ട്. എന്നാൽ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗുണഭോക്താവിനെ ഉൽസാഹിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിയമാനുസൃത പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതുമാണ്.

1-16 ആസ്തി സംരക്ഷണം, ആസ്തികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സം - ₹2,10,300/-

| | |
|---|---|
| പ്രോജക്ട് | 206/22<br>ആസ്തി സംരക്ഷണം, ആസ്തികളുടെ ഡാറ്റാബാങ്ക് തയ്യാറാക്കൽ |
| അടങ്കൽ | ₹4,50,000/- |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം./തീയതി/തുക | 1) 21100852013201316961/14.03.2022 - ₹90,000/-<br>2) 21100852013201477980/26.03.2022 - ₹1,20,300/-<br>ആകെ - ₹2,10,300/- |

കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റിയും ആസ്തി ഡിജിറ്റലൈസേഷനും പ്രോജക്ടിലെ മുഴുവൻ പ്രവർത്തികളും നിർവ്വഹിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് കരകുളം ഗ്രാമീണ പഠനകേന്ദ്രം എന്ന സ്ഥാപനവുമായി 24.01.2022ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിൽ ഒപ്പിട്ട തീയതി മുതൽ മൂന്ന് മാസത്തിനകം പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി, പഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും ആസ്തികൾ, തെരുവ് വിളക്കുകളുടെ വിവരം, പൊതുടാപ്പുകൾ, പൊതു കിണറുകൾ, ജലസംഭരണികൾ തുടങ്ങിയ എല്ലാവിധ ആസ്തികളുടെയും വിവര ശേഖരണം നടത്തി ജിയോടാഗും ഡിജിറ്റലൈസും ചെയ്ത് സോഫ്റ്റ് വെയർ തയ്യാറാക്കുക, ആയത് ഒരു വെബ് ആപ്ലിക്കേഷനിൽ ഗ്രാമപഞ്ചായത്തിന് ഉപയോഗിക്കാവുന്ന തരത്തിൽ ലഭ്യമാക്കുക എന്നിവയാണ് നിർവ്വഹിക്കേണ്ടത്. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 25.08.2022ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.6-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം

ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചെലവ് തുക ₹2,10,300/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-17 സ്ട്രീറ്റ്മെയിൻ പദ്ധതി പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സം - ₹17,46,754/-

| | | |
|---|---|---|
| പ്രോജക്റ്റ് | 140/22<br>സ്ട്രീറ്റ്മെയിൻ പദ്ധതി, തുക നൽകൽ | 142/22<br>സ്ട്രീറ്റ്മെയിൻ പദ്ധതി, തുക നൽകൽ |
| അടങ്കൽ | ₹12,48,000/- | ₹5,50,000/- |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| ബിൽ/വൗച്ചർ നം./<br>തീയതി/തുക | 22100694/15.02.2022<br>₹11,96,754/- | 21100852013200967827/18.01.2022<br>₹5,50,000/- |

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ റോഡുകളിലെ സ്ട്രീറ്റ് ലൈറ്റിന് പ്രത്യേക ലൈൻ വലിച്ച് മീറ്റർ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള രണ്ട് പദ്ധതികളിലായി ആകെ ₹17,46,754/- (1196754+550000) കാഞ്ചിയാർ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. രണ്ട് പദ്ധതികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും 14.03.2022ൽ കെ.എസ്.ഇ.ബി.-യുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ പ്രകാരം 31.03.2022ന് അകം പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 25.08.2022ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിയുടെ പൂർത്തീകരണം അവസാന ഘട്ടത്തിലാണെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ചെലവ് തുക ₹17,46,754/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 കെട്ടിട നിർമ്മാണം - അനുമതി, ക്രമവൽക്കരണം, കംപ്ലീഷൻ - അപാകതകൾ

2021-22 ഓഡിറ്റിന്റെ ഭാഗമായി കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണത്തിനായി നൽകിയ അനുമതി, ക്രമവൽക്കരണം, കംപ്ലീഷൻ അപേക്ഷകൾ പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണാനുമതി - പാർക്കിംഗ് – ഡ്രൈവ് വേ ഇല്ല

കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് വാർഡ് 8-ൽ സർവ്വേ നം.467/10-1ൽ പെർമിറ്റ് നം. 26/21-22 (ഇൻവേർഡ് നം. എസ്.സി 3/2143/21 തീ. 28-6-21) പ്രകാരം ശ്രീ. റോയി പുതുപ്പറമ്പിൽ എന്നയാൾക്ക് 747.07 ച. മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

കെട്ടിടത്തിന് ആകെ ആവശ്യമായ 7 കാർ പാർക്കിംഗുകളിൽ 6 എണ്ണം കെട്ടിടത്തിന്റെ പിറക് വശത്തായാണ് കാണിച്ചിരിക്കുന്നത്. ചട്ടം 29 (4) പ്രകാരം വാഹനങ്ങൾക്കുള്ള ഡ്രൈവ് വേയും വാഹനം തിരിക്കുന്നതിനുള്ള സൗകര്യത്തോട് കൂടിയതുമാവണം പാർക്കിംഗ് ഏരിയ. എന്നാൽ ചട്ട പ്രകാരമുള്ള ഡ്രൈവ് വേ, വാഹനം തിരിക്കുന്നതിനുള്ള സൗകര്യം എന്നിവ ഈ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. ചട്ടം 29(4)(ii) പ്രകാരം വളവുകളിൽ 4 മീറ്റർ വാഹന വഴി ഉണ്ടായിരിക്കേണ്ടതുണ്ട്. എന്നാൽ ഈ സംഗതിയിൽ 3.75 മീറ്റർ വഴി മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആവശ്യമായ പാർക്കിംഗ് സൗകര്യത്തോട് കൂടിയല്ലാതെ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതിന് വിശദീകരണം

ലഭ്യമാക്കേണ്ടതാണ്.

2) ചട്ട പ്രകാരമുള്ള പ്ലാനുകൾ അപേക്ഷകളോടൊപ്പം സമർപ്പിക്കുന്നില്ല

2019-ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 6(2) അനുസരിച്ച്, കെട്ടിടത്തിന് പാർക്കിംഗ് സ്ഥലം ആവശ്യമാണെങ്കിൽ കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷയോടൊപ്പം, പാർക്കിങ് പ്ലാനിന്റെ 3 പകർപ്പുകൾ കൂടി ഹാജരാക്കേണ്ടതാണ്.

ചട്ടം 6(8) പ്രകാരം പ്രകാരം പാർക്കിംഗ് പ്ലാനിന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിൽ സൈറ്റ് പ്ലാനിന്റെ സ്കെയിലിൽ കുറയാത്ത അളവിലായിരിക്കണം പാർക്കിംഗ് പ്ലാൻ തയ്യാറാക്കേണ്ടത്. ഇതിൽ പാർക്കിംഗ് സ്ഥലം, വീതി, ചെരിവ്, വാഹന വഴി, റാമ്പുകൾ, വാഹനങ്ങൾ തിരിക്കുന്നതിനുള്ള സ്ഥലം, സന്ദർശകർക്ക് വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം, സാധനങ്ങൾ കയറ്റിയിറക്കുന്നതിനുള്ള സ്ഥലം എന്നിവയും കൂടാതെ ഈ ചട്ട പ്രകാരമുള്ള പാർക്കിംഗ് ആവശ്യകതയുടെ ഒരു സഞ്ചിത സ്റ്റേറ്റ്മെന്റും ഉണ്ടായിരിക്കേണ്ടതാണ്.

ചട്ടം 6(12) പ്രകാരം പ്ലാനുകൾ തയ്യാറാക്കുന്ന പേപ്പറിന്റെ വലിപ്പം 297എം.എം*420എം.എം അല്ലെങ്കിൽ എ3-യിൽ കുറയാൻ പാടില്ല.

2021-22 വർഷ ഓഡിറ്റിന്റെ ഭാഗമായി കെട്ടിട നിർമ്മാണാനുമതി, ക്രമവൽക്കരണ-കംപ്ലീഷൻ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും മേൽ പ്രകാരമുള്ള പ്ലാനുകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കിയതായി കാണുന്നില്ല.

1-19 സാമൂഹ്യ സുരക്ഷാ പെൻഷൻ - അനർഹമായ കാലയളവിൽ തുക വിതരണം ചെയ്തു

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2021 വർഷത്തെ പഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് മുഖേന പെൻഷൻ വിതരണം ചെയ്തത് (പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ) വിശദാംശങ്ങൾ.

| ക്രമ നം. | പേര് & ആധാർ നം. | മരണം നടന്ന തീയതി & രജി. നം. | പെൻഷൻ സ്റ്റാറ്റസ് | നൽകുന്ന സ്ഥാപനം | അധികം നൽകിയ തുക ₹ | അനർഹമായി അനുവദിച്ച കാലയളവ് |
|---|---|---|---|---|---|---|
| 1 | ചന്ദ്രശേഖരൻ കെ. കെ 320774529272 | 08-01-2021 & 13/2021 | സസ്പെൻഡ് | കാഞ്ഞിയാർ ഗ്രാമപഞ്ചായത്ത് | 7800 | 2/21 മുതൽ 6/21 |
| 2 | കമലാക്ഷി മാധവൻ 783083342698 | 10-11-2020 & 15/2021 | സസ്പെൻഡ് | കാഞ്ഞിയാർ ഗ്രാമപഞ്ചായത്ത് | 22000 | 12/20 മുതൽ 1/22 വരെ |
| 3 | ജോർജ്ജ് എം. വി 279456345067 | 26-03-2021 & 26/2021 | സസ്പെൻഡ് | കാഞ്ഞിയാർ ഗ്രാമപഞ്ചായത്ത് | 4800 | 4/21 മുതൽ 6/21 വരെ |
| 4 | ഫാത്തിമബീവി 959902627104 | 27-03-2021 & 30/2021 | സസ്പെൻഡ് | കാഞ്ഞിയാർ ഗ്രാമപഞ്ചായത്ത് | 1600 | 4/21 |
| 5 | കണ്ണപ്പൻ കൊച്ചുകുഞ്ഞ് 407711527842 | 20-04-2021 & 35/2021 | സസ്പെൻഡ് | കാഞ്ഞിയാർ ഗ്രാമപഞ്ചായത്ത് | 1600 | 5/21 |
| 6 | ജോസുകുട്ടി കെ. ജെ | 18-04-2021 & | സസ്പെൻഡ് | കാഞ്ഞിയാർ ഗ്രാമപഞ്ചായത്ത് | 3200 | 5/21 മുതൽ 6/21 വരെ |

| | | | | | | |
|---|---|---|---|---|---|---|
| | 296466289075 | 36/2021 | | | | |
| 7 | രാജു 437828404026 | 23-04-2021 & 41/2021 | സസ്പെൻഡ് | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 3200 | 5/21 മുതൽ 6/21 വരെ |
| 8 | നീലി രാമകൃഷ്ണൻ 608621229044 | 18-05-2021 & 51/2021 | സസ്പെൻഡ് | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 1600 | 6/21 |
| 9 | ഏലിയാമ്മ ജോസഫ് 590449480222 | 30-03-2021 & 54/2021 | സസ്പെൻഡ് | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 1600 | 4/21 |
| 10 | സരോജിനിയമ്മ 539408335546 | 30-06-2021 & 59/2021 | സസ്പെൻഡ് | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 11200 | 7/21 മുതൽ 1/22 വരെ |
| 11 | കുര്യൻ തോമസ് 743961071799 | 14-08-2021 & 69/2021 | സസ്പെൻഡ് | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 1600 | 9/21 |
| 12 | പ്രഭാകരൻ 212972574024 | 10-07-2021 & 72/2021 | സസ്പെൻഡ് | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 1600 | 8/21 |
| 13 | ജോസഫ് തോമസ് 877070726870 | 22-9-21 & 83/21 | ആക്ടീവ് | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 14400 | 10/21 മുതൽ 6/22 വരെ |
| 14 | ത്രേസ്യാമ്മ 869128862962 | 19-10-21 & 91/21 | സസ്പെൻഡ് | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 4800 | 11/21 മുതൽ 1/22 വരെ |
| 15 | അമ്മിണി തോമസ് 722449781907 | 20-10-21 & 94/21 | സസ്പെൻഡ് | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 4800 | 11/21 മുതൽ 1/22 വരെ |
| 16 | ലക്ഷ്മികുട്ടിയമ്മാൾ 909499719512 | 11-10-21 & 95/21 | സസ്പെൻഡ് | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 3200 | 11/21 മുതൽ 12/21 വരെ |
| 17 | ജാനകി 877723266443 | 24-11-21 & 110/21 | സസ്പെൻഡ് | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 3200 | 12/21 മുതൽ 1/22 വരെ |

2) മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ മുഖേന പെൻഷൻ വിതരണം ചെയ്യതിന്റെ വിവരങ്ങൾ

കാഞ്ചിയാർ ഗ്രാമപഞ്ചായത്തിൽ 202-1ൽ മരണം രജിസ്റ്റർ ചെയ്ത ചുവടെ പട്ടികയിൽ ഉൾപ്പെട്ട വ്യക്തികൾ വിവിധ ക്ഷേമനിധി ബോർഡുകൾ/പഞ്ചായത്തുകൾ മുഖേന പെൻഷൻ കൈപ്പറ്റുന്നവരാണ്.

| ക്രമ നം. | പേര് & ആധാർ നം. | മരണം നടന്ന തീയതി & രജി. നം. | പെൻഷൻ സ്റ്റാറ്റസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ ക്ഷേമനിധി ബോർഡുകൾ മുഖേന പെൻഷൻ വിതരണം ചെയ്യതിന്റെ വിവരങ്ങൾ | നൽകുന്ന സ്ഥാപനം | അധികം നൽകിയ തുക ₹ | അനർഹമായി അനുവദിച്ച കാലയളവ് |
|---|---|---|---|---|---|---|
| 1 | തോമസ് ജോൺ 468338195882 | 16.12.20 & 1/2021 | ആക്ടീവ് | അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത് | 28500 | 1/21 മുതൽ 6/22 വരെ |
| 2 | ജോസഫ് കെ. എം. 944182313970 | 24.12.20 & 6/2021 | സസ്പെൻഡ് | കൃഷി ഭവൻ കാഞ്ചിയാർ - ക്ഷേമനിധി പെൻഷൻ | 6100 | 1/21 മുതൽ 4/21 വരെ |
| 3 | അഗസ്റ്റി എം. യു. 476713677488 | 20.02.21 & 22/2021 | ആക്ടീവ് | കൃഷി ഭവൻ കാഞ്ചിയാർ - ക്ഷേമനിധി പെൻഷൻ | 25500 | 3/21 മുതൽ 6/22 വരെ |
| 4 | സീതമ്മ രാമകൃഷ്ണൻ 407589752671 | 12.07.21 & 62/2021 | ആക്ടീവ് | കൃഷി ഭവൻ കാഞ്ചിയാർ - ക്ഷേമനിധി പെൻഷൻ | 17600 | 8/21 മുതൽ 6/22 വരെ |
| 5 | ജോസഫ് തോമസ് | 22.09.21 & 83/2021 | ആക്ടീവ് | കൃഷി ഭവൻ കാഞ്ചിയാർ - | 14400 | 10/21 മുതൽ 6/22 വരെ |

| | | | | | |
|---|---|---|---|---|---|
| | 877070726870 | | | ക്ഷേമനിധി പെൻഷൻ | |

3) മരണപ്പെട്ട ഗുണഭോക്താവിനെ ഡാറ്റാ ബേസിൽ നിന്നും സസ്പെൻഡ് ചെയ്തില്ല

പഞ്ചായത്ത് ഹാജരാക്കിയ 2021 മരണ റിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയതിൽ ചുവടെ പേര് ചേർത്ത പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടെങ്കിലും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് വിവരം പെൻഷൻ അനുവദിക്കുന്ന ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | പേര് & ആധാർ നമ്പർ | പെൻഷൻ അനുവദിക്കുന്ന സ്ഥാപനം | മരണപ്പെട്ട തീയതി & രജി. നം. | സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | ചെല്ലപ്പൻപിള്ള Xxxx7019 | കുമാരമംഗലം ഗ്രാമപഞ്ചായത്ത് | 11/02/2021 & 18/21 | ആക്റ്റീവ് |

അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കാത്തതിനാൽ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ/ക്ഷേമനിധി ബോർഡുകൾ എന്നിവ മുഖേന പെൻഷൻ തുടർന്നും അനുവദിക്കുന്നുണ്ട്. മുകളിൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ മരണം കാഞ്ചിയാർ ഗ്രാമപഞ്ചായത്തിൽ 2021 വർഷത്തിൽ റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളവ മാത്രമാണ്. ഇവിടെ നിന്ന് പെൻഷൻ കൈപ്പറ്റുന്നവരും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വെച്ച് മരണപ്പെട്ടതുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്.

23.09.2020-ലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്ന പക്ഷം തുക കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അനർഹമായി പെൻഷൻ തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡുകളിൽ അടവാക്കേണ്ടതും ഇപ്പോഴും ആക്റ്റീവ് ആയി നിൽക്കുന്ന ഗുണഭോക്താക്കളുടെ പേര് അടിയന്തിരമായി സസ്പെൻഡ് ചെയ്യേണ്ടതും പട്ടികകളിൽ ഉൾപ്പെട്ട മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ മുഖേന അനർഹമായി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ അതത് സ്ഥാപനങ്ങളെ അറിയിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-20 അഡ്വാൻസ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നത്

വാർഷിക ധനകാര്യ പത്രികയിൽ Advance To Others എന്ന ശീർഷകത്തിൽ (അക്കൗണ്ട് ഹെഡ് നം.460509901) മുൻകൂറായി നൽകിയിട്ടുള്ള ₹15,73,761/- ക്രമീകരിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വൗച്ചർ നം./ തീയതി | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|
| 1 | എൻ.ആർ.ഇ.ജി.എ. | ശമ്പള മുൻകൂറുകൾ അനുവദിക്കുന്നത്, വിവിധ വൗച്ചറുകൾ | 1529206 |
| 2 | ഡി.ഡി.പി., ഇടുക്കി | വൗച്ചർ നം. ലഭ്യമല്ല./ 31.08.2018 | 10000 |
| 3 | ഗ്രാമലക്ഷ്മി മുദ്രാലയം | വൗച്ചർ നം. ലഭ്യമല്ല./ 25.07.2018 | 3710 |
| 4 | കില | 21900353/14.08.2019 – ₹7085/-<br>21900886/24.02.2020 – ₹1980/-<br>21900887/24.02.2020 – ₹21780/- | 30845 |
| | | ആകെ | 1573761 |

മുൻകൂർ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

1-20-1 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നത്

വാർഷിക ധനകാര്യ പത്രികയിൽ Advance To Implementing Officers എന്ന ശീർഷകത്തിൽ (അക്കൗണ്ട് ഹെഡ് നം.460500501) മുൻകൂറായി നൽകിയിട്ടുള്ള ₹4,94,649/- ക്രമീകരിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂർ കൈപ്പറ്റിയ നിർവ്വഹണ ഉദ്യോഗസ്ഥൻ | വൗച്ചർ നം./തീയതി | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|
| 1 | അസി. എൻജിനീയർ, എൽ.എസ്.ജി.ഡി. | വിവിധ പദ്ധതികൾക്കായുള്ള<br>സർവ്വേ ചാർജ്ജുകൾ<br>വൗച്ചർ നമ്പർ ലഭ്യമല്ല.<br>19.07.2017 – ₹7,000/-<br>വൗച്ചർ നം. ലഭ്യമല്ല.<br>25.09.2019 – ₹11,610/-<br>വൗച്ചർ നം. ലഭ്യമല്ല.<br>30.09.2020 – ₹11,610/-<br>22100409/23.10.2022 – ₹17,415/-<br>22100777/08.03.2022 – ₹3,870/-<br>(AFS-ൽ ഉൾപ്പെടുത്തിയിട്ടില്ല) | 47635 |
| 2 | സെക്രട്ടറി, കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | ഗ്രാമസഭ, എൻ.ആർ.ഇ.ജിഎ. കേരളോൽസവം<br>21900205/15.6.2019 – ₹18,400/-<br>ഗ്രാമ സഭ<br>വൗച്ചർ നം. ലഭ്യമല്ല./03.12.2019 – ₹75,000/-<br>കോടതി കേസ്,<br>22100485/25.11.2021 – ₹5,400/- കില<br>22100486/25.11.2021 – ₹9,100/- കില | 107900 |
| 3 | അസി. സെക്രട്ടറി കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | വൗച്ചർ നം. ലഭ്യമല്ല.<br>10.08.2020<br>₹3,26,784/-<br>കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ | 326784 |
| 4 | വി.ഇ.ഒ. | ഹരിതകർമ്മസേന ചെലവുകൾ<br>22100094/26.05.2021 – ₹2,000/- | 12330 |

| | | | |
|---|---|---|---|
| | | 22100104/28.05.2021 – ₹10,330/- | |
| | | ആകെ | 494649 |

മുൻകുറുകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

1-21 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വസൂലാക്കുന്ന റീടെൻഷൻ തുകകൾ തനതു ഫണ്ടിലേക്ക് ക്രമീകരിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എൻജിനിയർ LID & EW

ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന കെട്ടിട നിർമാണം പോലുള്ള പല മരാമത്ത് പ്രോജക്ടുകളും വിവിധ കാരണങ്ങളാൽ അതത് വർഷം പൂർത്തിയാവാറില്ല. തദവസരങ്ങളിൽ കരാറുകാർക്ക് പാർട് ബില്ലുകളായാണ് പ്രതിഫലം നൽകുന്നത്. പാർട്ട് ബിൽ ആയി തുക അനുവദിക്കുന്നപക്ഷം ബിൽ തുകയിൽ നിന്ന് ആകെ വേല മൂല്യത്തിന്റെ 2.5% തുക റീടെൻഷൻ ഇനത്തിൽ വസൂലാക്കി പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കണമെന്ന് ധനകാര്യ വകുപ്പിന്റെ 28.09.2015-ലെ ജി.ഒ(പി) 429/2015 നമ്പർ ഉത്തരവിൽ നിർദ്ദേശമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി. എൻജിനിയർ റീടെൻഷൻ തുക കിഴിവ് ചെയ്ത് Short Drawal രീതിയിലാണ് പാർട്ട് ബില്ലുകൾ പിൻവലിക്കുന്നത്. അതിന്റെ ഫലമായി ഓരോ വർഷവും ലഭിക്കുന്ന തുക തൻവർഷം വിനിയോഗിക്കാതെ പാഴാവുകയും ഫൈനൽ ബിൽ നൽകേണ്ട വർഷം പ്രസ്തുത റീടെൻഷൻ തുകയ്ക്ക് കൂടി വികസന ഫണ്ട് വീണ്ടും വകയിരുത്തേണ്ടിയും വരുന്നു. നാമമാത്രമെങ്കിലും ഈ സേവിംഗ്സ് തുകകൾ മറ്റ് പ്രോജക്ടുകൾക്ക് വിനിയോഗിക്കാനുള്ള സാധ്യതയാണ് ഇത് മൂലം ഇല്ലാതെയാവുന്നത്. ആകയാൽ ബഹുവർഷ പദ്ധതികളായി നടപ്പാക്കുന്ന പ്രോജക്ടുകളുടെ റീടെൻഷൻ തുകകൾ അതത് വർഷം വസൂലാക്കി തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് പോലെ സൂക്ഷിക്കുവാനും ഫൈനൽ ബിൽ തുകയോടൊപ്പം പിൻവലിച്ച് കരാറുകാരന് നൽകുവാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-22 മോട്ടോർ മാറ്റി സ്ഥാപിക്കൽ - പഴയ മോട്ടോർ ലേലം ചെയ്തില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനീയർ LID &PW |
| പ്രോജക്ട് നം. | എസ്. 163/2022 |
| പേര് | മേപ്പാറ – കുരിശുമല കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ |
| അടങ്കൽ തുക | ₹1,25,000/- |
| ചെലവഴിച്ച തുക | ₹1,24,320/- ബിൽ നം. 2110085201340l275974/തീ. 08.03.2022 |

ഗ്രാമപഞ്ചായത്തിലെ 400 ഗുണഭോക്തൃ കുടുംബങ്ങൾക്ക് ജലവിതരണം നടത്തുന്ന പ്രസ്തുത പ്രോജക്ട് വിപുലീകരിച്ചതിനാൽ നിലവിലുള്ള 15 HP മോട്ടോറിന്റെ ശേഷി കുറയുകയും വേണ്ടത്ര ജലം പമ്പ് ചെയ്യൽ സാധ്യമാകാതെ വരികയും ചെയ്യുന്ന സാഹചര്യം മുൻനിർത്തി, പുതുതായി അധിക സ്പെസിഫിക്കേഷനുള്ള 15 HP മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിന് രൂപീകരിച്ച പ്രോജക്ടാണിത്. ഇത് പ്രകാരം തൻവർഷം പുതിയ മോട്ടോർ വാങ്ങി സ്ഥാപിച്ചുവെങ്കിലും പഴയ മോട്ടോറിന്റെ വില നിശ്ചയിച്ച് ലേലം ചെയ്യുകയോ സമാന പ്രോജക്ടുകൾക്ക് വിനിയോഗിക്കാനുള്ള സാധ്യത വിലയിരുത്തുകയോ ചെയ്തിട്ടില്ല. നിലവിൽ അത് മുൻ ഭരണസമിതി അംഗത്തിന്റെ വീട്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള പ്രവർത്തനക്ഷമവും ഗണ്യമായ തുക മൂല്യമുള്ളതുമായ മോട്ടോർ സ്വകാര്യവ്യക്തിയുടെ സംരക്ഷണയിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. അത് സമാന

പ്രോജക്ടിന് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം മൂല്യനിർണ്ണയം നടത്തി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-23 ഭിന്നശേഷി വിഭാഗക്കാർക്ക് ഉപകരണങ്ങൾ - അപാകതകൾ

| | |
|---|---|
| പദ്ധതി | ഭിന്നശേഷി വിഭാഗക്കാർക്ക് ഉപകരണങ്ങൾ വിതരണം (26/22) |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ) – ₹5,80,000/-<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ₹2,00,000/-<br>ആകെ – ₹7,80,000/- |
| ചെലവ് | വികസന ഫണ്ട് (ജനറൽ)<br>ബിൽ നം.21100852009501082516/തീ. 08.02.2022 – ₹5,80,000/-<br>(കേരള സ്റ്റേറ്റ് ഹാന്റിക്യാപ്പ്ഡ് പേഴ്സൻ – ₹4,27,589/-<br>കേരള സ്റ്റേറ്റ് എന്റർപ്രൈസസ് ലിമിറ്റഡ് – ₹1,52,411/-)<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് –<br>വൗച്ചർ നം.22100766/തീ. 07.03.2022 – ₹1,97,894/-<br>(കേരള സ്റ്റേറ്റ് എന്റർപ്രൈസസ് ലിമിറ്റഡ് – – ₹1,97,894/-)<br>ആകെ – ₹7,77,894/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

പഞ്ചായത്തിലെ ഭിന്നശേഷി വിഭാഗക്കാർക്ക് ശ്രവണോപകരണങ്ങളും മറ്റും വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ പദ്ധതി (26/22) പ്രകാരം 24 ഗുണഭോക്താക്കൾക്ക്, കേരള സ്റ്റേറ്റ് ഹാന്റിക്യാപ്പ്ഡ് പേഴ്സൻ, കേരള സ്റ്റേറ്റ് എന്റർപ്രൈസസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും മേൽ പരാമർശിച്ച പ്രകാരം ₹7,77,894/-യുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവിന്റെ കൃത്യത ഉറപ്പാക്കാനാവശ്യമായ താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്.

2. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

3. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിന്റെയും ഗുണഭോക്താക്കൾ അവ കൈപ്പറ്റിയതിന്റെയും രസീത്.

ഈ രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച ₹7,77,894/-ന്റെ ചെലവ് തടസപ്പെടുത്തുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.11/25.08.2022-ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച | പ്രത്യേക സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടില്ല. സാക്ഷ്യപത്രം ഈ റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തുന്നു |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | വർഷം | പ്രോജക്ടിന്റെ പേര് | മുന്നിരിപ്പ് ₹ | വരവ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2021-22 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (33/22) | 0 | 100000 | 100000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2021-22 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (23/22) | 0 | 250000 | 250000 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2021-22 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (23/22) | 0 | 92000 | 92000 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2021-22 | ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം അഡീഷണൽ ലിസ്റ്റ് (105/22) | 715000 | 100000 | 790000 | 25000 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 2021-22 | ആശ്രയ പദ്ധതി (9/22) | 0 | 75000 | 75000 | 0 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 2021-22 | ലൈഫ് ഭവന പദ്ധതി പട്ടികജാതി അഡീഷണൽ ലിസ്റ്റ് (104/22) | 80000 | 0 | 80000 | 0 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 2021-22 | ലൈഫ് ഭവന പദ്ധതി ജനറൽ ലോൺ വിഹിതം (154/22) | 50000 | 0 | 50000 | 0 |
| 10 | ബ്ലോക്ക് പഞ്ചായത്ത് | 2021-22 | ലൈഫ് ഭവന പദ്ധതി പട്ടികജാതി ലോൺ വിഹിതം (156/22) | 150000 | 0 | 150000 | 0 |
| 11 | ബ്ലോക്ക് | 2021-22 | ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം | 80000 | 0 | 80000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പഞ്ചായത്ത് | | സംസ്ഥാന വിഹിതം (194/22) | | | | |
| 12 | ബ്ലോക്ക് പഞ്ചായത്ത് | | മുൻവർഷങ്ങളിൽ ലഭിച്ച ബ്ലോക്ക് വിഹിതം – എസ്.റ്റി. – സ്റ്റഡി റൂം | 450000 | 0 | 0 | 450000 |
| 13 | ബ്ലോക്ക് പഞ്ചായത്ത് | | മുൻവർഷങ്ങളിൽ ലഭിച്ച ബ്ലോക്ക് വിഹിതം | 89687 | 0 | 0 | 89687 |
| | | | ആകെ | 1614687 | 617000 | 1667000 | 564687 |

4-3 നിക്ഷപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ

– ഇല്ല –

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | തൻവർഷ വായ്പ ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവനപദ്ധതി | 267/ഡി.ബി.1/ 15/തസ്വഭവ. തീയതി 28.09.2015 | 10000000 | 0 | 4600000 | 1000000 | | 3600000 |
| ലൈഫ് ഭവനപദ്ധതി | ജി.ഒ. (എം.എസ്) 68/18 തസ്വഭവ 18.05.2018 | 44356666 | 80000 | 44436666 | 6424666 | 0 | 38012000 |

4-6 സ്ഥിര നിക്ഷേപം

– ഇല്ല –

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹227/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 1997-98 | 21(2) | 227 | ശ്രീമതി സാറാമ്മ തോമസ്, സെക്രട്ടറി | 1210102198/ 10-12-2021 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2002-03 | 3-15 | 2006-07 | 3.35.2 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ ഫയലുകൾ ഹാജരാക്കി |
| 2003-04 | 3-1 | 2006-07 | 3.35.2 | ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയില്ല | റവന്യൂ റിക്കവറി നോട്ടീസ് നൽകി |
| 2003-04 | 3-2 | 2006-07 | 3.35.2 | ഫയലുകൾ ഹാജരാക്കിയില്ല | - |
| 2003-04 | 3-3 | 2006-07 | 3.37.1 | കമ്പ്യൂട്ടർ വാങ്ങൽ ₹54,536/-യുടെ നിരാകരണം | റവന്യൂ റിക്കവറി നോട്ടീസ് നൽകി |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് | - |
| - | - | 2015-16 | 3.6.1 | തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിലെ എസ്.സി./എസ്.റ്റി. വിഭാഗക്കാരുടെ പദ്ധതി നിർവഹണം പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | തുടർ നടപടികൾ പുരോഗമിക്കുന്നു |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടികളുടെ വിവരം

– ഇല്ല –

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം

| ക്രമ നം. | വർഷം | ഖണ്ഡിക നം. | ഉത്തരവാദിയുടെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർട്ടിഫിക്കറ്റ് നം. തീയതി | തുക ₹ | സ്വയം ഒടുക്കിയ തുക (രസീത് നമ്പർ, തീയതി | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | ഒടുക്കുവാൻ അവശേ ഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 28,30 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.16782Spl. Cell/CSC/ C1/2001 Dt.16.09.2002 | 8635 | 00 | ഇല്ല | - | - | - | - | 8635 |
| 2 | 1998-99 | 29,31 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.6678Spl. Cell/CSC/ C1/2002 Dt.20.01.2003 | 32190 | 00 | ഇല്ല | - | - | - | - | 32190 |
| 3 | 1999-00 | 31,34, 37,41, 46,48, 49,51, 52,57, 58,59, 62,64 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 57383 | 00 | ഇല്ല | - | - | - | - | 57383 |
| 4 | 1999-00 | 32 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 3096 | 00 | ഇല്ല | - | - | - | - | 3096 |
| 5 | 1999-00 | 33 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 2523 | 00 | ഇല്ല | - | - | - | - | 2523 |
| 6 | 1999-00 | 63 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 1253.5 | 00 | ഇല്ല | - | - | - | - | 1253.5 |
| 7 | 2000-01 | 23 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/SC2/ 2005/ Dt. 25.04.2007 Certificate | 3300 | 00 | ഇല്ല | - | - | - | - | 3300 |
| 8 | 2000-01 | 27 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത്. ₹17830, | LF.14813/ SplCell/SC2/ 2005/ Dt.25.09.2006 Certificate | 19070 | 00 | ഇല്ല | - | - | - | - | 19070 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | PA Annamma- ₹1,240/- | (T.K. George ₹17,830/-) LF.14813/ SplCell/ SC2/2005/ Dt.25.04.2007 Certificate (P. A. Annamma ₹1,240/-) | | | | | | | | |
| 9 | 2000-01 | 29 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/SC2/ 2005/ Dt.25.09.2006 | 2800 | 00 | ഇല്ല | - | - | - | - | 2800 |
| 10 | 2000-01 | 30 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/ SC2/2005 /25.9.2006 Certificate (TK George- ₹17830/-) LF.14813/SplCell/ SC2/2005/ Dt.25.04.2007 Certificate (PA Annamma-₹1240/-) | 600 | 00 | ഇല്ല | - | - | - | - | 600 |
| 11 | 2000-01 | 31 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/SplCell SC2/2005/ Dt.25.09.2006 | 1400 | 00 | ഇല്ല | - | - | - | - | 1400 |
| 12 | 2000-01 | 42(2) | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/SplCell/ SC2/2005/ Dt.25.09.2006 | 1000 | 00 | ഇല്ല | - | - | - | - | 1000 |
| 13 | 2000-01 | 43 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/SplCell/ SC2/2005/ Dt.25.09.2006 | 2287 | 00 | ഇല്ല | - | - | - | - | 2287 |
| 14 | 2001-02 | 2-3 | പി. എ. അന്നമ്മ സെക്രട്ടറി | എൽ.എഫ്. 16704/സ്പെ.സെൽ/ എസ്.സി.സി2/ 2005/ Dt.09.05.2007 | 6924 | 00 | ഇല്ല | - | - | - | - | 6924 |
| 15 | 2004-05 | 3-5 | | എൽ.എഫ്. 17292/ സ്പെ.സെൽ/ എസ്.സി.2/2008/ Dt.11.05.2010 സർചാർജ്ജ് സർട്ടിഫിക്കറ്റ് | 11000 | 11000 | ഇല്ല | - | - | - | - | - |
| 16 | 2005-06 | 3-5 | മുഹമ്മദ്കുഞ്ഞ് | എൽ.എഫ്. 20893/സ്പെ.സെൽ/ എസ്.സി.2/2008 (1)/ Dt.11.06.2009 എൽ.എഫ്. 20893/ സ്പെ.സെൽ/ എസ്.സി.2/2008 (2)/dt.11.06.2009 | 8301 | 8301 | ഇല്ല | - | - | - | - | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹29532325 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹85709874 |
| ആകെ | ₹115242199 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹88633669 |
| നീക്കിയിരിപ്പ് | ₹26608530 |
| വരവിനങ്ങളിലുള്ള നഷ്ടം | - ഇല്ല - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - ഇല്ല - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2734948 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | - ഇല്ല - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 210300 | ശ്രീമതി പി. റ്റി. ഷൈലജ, സെക്രട്ടറി |
| 1-17 | 1746754 | ശ്രീമതി പി. റ്റി. ഷൈലജ, സെക്രട്ടറി |
| 1-23 | 777894 | ശ്രീമതി രാധാമണി കെ.കെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 2734948 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | - ഇല്ല - |

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ഗ്രേസി പി.<br>ചീഫ് മെഡിക്കൽ ഓഫീസർ | ചീഫ് മെഡിക്കൽ ഓഫീസർ,<br>ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി<br>കട്ടപ്പന | പുളിയുറുമ്പിൽ ,<br>മേരിക്കുന്ന് പി. ഒ,<br>കോഴിക്കോട്-12,<br>പിൻ – 673012 |
| ഡോ. അനീഷ്യ എ. പ്രസാദ്<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>ഗവൺമെന്റ് ആയുർവ്വേദ ട്രൈബൽ<br>ഡിസ്പെൻസറി, കാഞ്ചിയാർ | |
| ശ്രീമതി രാധാമണി കെ.കെ.,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | പരുത്തുംപാറ<br>കാഞ്ചിയാർ പി.ഒ.,<br>പേഴുംകണ്ടം,<br>ഇടുക്കി ജില്ല – 685511 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് (ഖണ്ഡിക നം.) |
|---|---|---|---|
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 1 | 21(2) |
| 1998-99 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 2 | 29,31 |
| 1999-00 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 20 | 21(1),22,23(1),31,32,33,34, 37,41,46,48,49,51,52,57, 58,59,62,63,64 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 8 | 23,26,27,29, 30,31,42(2),43 |
| 2001-02 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 2 | 2-2,2-3 |
| 2002-03 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 2 | 3-1,3-15 |

| | | | |
|---|---|---|---|
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 4 | 3-1,3-2,3-3,3-5 |
| 2004-05 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 1 | 3-6 |
| 2006-07 | എൽ.എഫ്.ഐ-08/539/2008 03.11.2008 | 11 | 2-1, 2-2, 2-4,3-2, 3-4, 3-6, 3-7, 3-8, 3-9, 3-11, 4-3 |
| 2007-08 | എൽ.എഫ്.ഐ-08/1003/2009 08.07.2010 | 8 | 3-2, 3-4, 3-9, 3-10, 3-11, 4-3, 4-5, 4-6, |
| 2009-10 | എൽ.എഫ്.ഐ-09/976/2011 30.05.2012 | 5 | 3-6, 3-7, 3-9, 4-3 |
| 2010-11 | എൽ.എഫ്.ഐ-09/129/2013 04.10.2013 | 2 | 2-1, 3-4 |
| 2011-12 | എൽ.എഫ്.ഐ-09/1384/2013 11.07.2014 | 6 | 2-2, 3-1, 3-3, 3-4, 3-5, 4-1 |
| 2012-13 | എൽ.എഫ്.ഐ-09/1327/2014 15.12.2014 | 3 | 3-1, 3-2, 3-4 |
| 2013-14 | എൽ.എഫ്.ഐ-09/950/2015 12.08.2015 | 6 | 2-1, 2-2, 3-1, 3-2, 3-3, 3-4 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-9/90 05.03.2016 | 6 | 2-1, 3-1, 3-3, 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-9/1332 19.09.2016 | 9 | 2-1, 2-2(ബി), 2-3, 3-1, 3-3,3-4, 3-5,3-6, 3-7(2) |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-9/1312/2017 തീയതി. 27.08.2017 | 6 | 1-12, 2-1, 2-2, 3-1, 3-5, 3-6 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-9/934/2018 തീയതി. 26.09.2018/04.10.2018 | 3 | 1-12, 3-2, 3-3 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-9/833/2019 തീയതി. 14.10.2019 | 3 | 1-18, 1-19, 1-20 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-9/544/20 തീയതി. 30.03.2021 | 12 | 1-9 മുതൽ 1-18 വരെ 1-21, 1-22 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-9/901/2022 തീയതി. 22.07.2022 | | 1-1 മുതൽ 1-19 വരെ & ഭാഗം-4 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്